**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** **12-06-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലവിഭവ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭ്യമായ മഞ്ചേരി മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കാമോ; | (എ) | ജലവിഭവ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭ്യമായ മഞ്ചേരി മണ്ഡലത്തിലെ പ്രവൃത്തികളും അവയുടെ നിലവിലെ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുടെ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | മഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

## ജലസേചനവും ഭരണവും

1. തൃക്കലങ്ങോട് പഞ്ചായത്തിലെ പുലത്ത് പുത്രംതോട്ടിൽ വി.സി.ബി.നിർമ്മാണം – പ്രവൃത്തി 15 % പൂർത്തീകരിച്ചിട്ടുണ്ട്.

2. നെല്ലികുത്ത് വാഴൻകട കാക്കാത്തോടിന് കുറുകെ വി.സി.ബി.യുടെ ഷട്ടറിന്റെ വാർഷിക അറ്റകുറ്റപണി – പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്.

## ജലനിധി

മഞ്ചേരി മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷം ജലനിധി സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി KRWSA വഴി നടപ്പിലാക്കിയ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ ഭരണാനുമതി ലഭിച്ച 6 കുടിവെള്ള പദ്ധതികൾ പ്രവൃത്തി പൂർത്തീകരിച്ചു. (താഴെപുള്ളിയക്കോട്, ജനമൈത്രി, കുണ്ടഞ്ചോല, പുളിയക്കോട്, കൊമ്പൻകല്ല്, കാക്കാടംകയം). നിലവിൽ മഞ്ചേരി മണ്ഡലത്തിൽ KRWSA പുതിയ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല

## കേരള വാട്ടർ അതോറിറ്റി

മഞ്ചേരി മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമായിട്ടുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി മഞ്ചേരി മുനിസിപ്പാലിറ്റിയിലെ തടപ്പറമ്പ് കുടിവെള്ള പദ്ധതിയിലെ ഉയർന്ന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി മൂന്ന് തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. റീ ടെൻഡർ നടപടി പുരോഗമിക്കുന്നു.

**കിഫ്ബി** പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേരി നഗരസഭയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള മഞ്ചേരി സബ് അർബൺ കുടിവെള്ള പദ്ധതിക്ക് 72.58 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്. ചാലിയാർ പുഴയിൽ അരീക്കോട് പുത്തലം ഭാഗത്ത് നിലവിലുള്ള മഞ്ചേരി കുടിവെള്ള പദ്ധതിയുടെ സ്രോതസ്സ് തന്നെയാണ് ഈ പദ്ധതിയുടെയും സ്രോതസ്സ്. റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, 19 എം.എൽ.ഡി ശേഷിയുള്ള ജലശുദ്ധീകരണശാല, മഞ്ചേരി ചെരണിയിൽ 5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പ് ഹൗസ്, തടപ്പറമ്പിൽ 4.72 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, എലമ്പ്രയിൽ 23.42 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി 30% പൂർത്തിയായിട്ടുണ്ട്. മേൽ പദ്ധതിയുടെ അരീക്കോടുള്ള റോ വാട്ടർ പമ്പ് ഹൗസിലും മഞ്ചേരി ചെരണിയിലുള്ള ക്ലിയർ വാട്ടർ പമ്പ് ഹൗസിലും സ്ഥാപിച്ച പുതിയ പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള വൈദ്യുതി കണക്ഷന്റെ കോൺട്രാക്റ്റ് ഡിമാൻറ് ഉയർത്തേണ്ടതുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമായാൽ പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണ്. എന്നാൽ മേൽ പമ്പ് ഹൗസുകളിലെ നിലവിലെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക അടവാക്കുന്ന മുറക്ക് മാത്രമേ കോൺട്രാക്റ്റ് ഡിമാൻറ് വർദ്ധിപ്പിച്ച് നൽകാൻ കഴിയൂ എന്ന് കെ.എസ്.ഇ.ബി അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് GO (Rt) No. 45/2024/POWER dt 12.03.2024 പ്രകാരം വാട്ടർ അതോറിറ്റിയുടെ വൈദ്യുതി കുടിശികയായ 2068.00/- കോടി രൂപ സെറ്റിൽ ചെയ്തു. ഇതിനു പുറമെ ഈ സ്കീമുകളുടെ കണക്ഷനുമായി ബന്ധപ്പെട്ട് കുടിശിക ഇനത്തിൽ 3,22,45,184 രൂപ കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.യുടെ ഭാഗത്തുനിന്നും കോൺട്രാക്റ്റ് ഡിമാൻറ് വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേരി നഗരസഭയിലെ കാലപ്പഴക്കം ചെന്ന എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 14.80 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി ലഭ്യമായിരുന്നു. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭ്യമാകാത്ത ഏകദേശം 5 കി.മീറ്ററോളം വരുന്ന ഭാഗങ്ങൾ ഒഴികെ പൈപ്പുകൾ സ്ഥാപിച്ച് റോഡ് റെസ്റ്റോറേഷനും പൂർത്തിയാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറക്ക് ടെൻഡർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് .

മഞ്ചേരി മണ്ഡലത്തിൽ ഉള്ള എടപ്പറ്റ, തൃക്കലങ്ങോട്, പാണ്ടിക്കാട്, കീഴാറ്റൂർ എന്നീ പഞ്ചായത്തുകളുടെ ജല ജീവൻ മിഷൻ പദ്ധതികൾ താഴെ പറയുന്നു

**എടപ്പറ്റ, ജല ജീവൻ മിഷൻ പദ്ധതി**

5485 കുടിവെള്ള കണക്ഷനുകൾ നൽകാനായി 5611.12 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടി പൂർത്തീകരിച്ചു പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്

**ജൽ ജീവൻ മിഷൻ- തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി**

ഈ പദ്ധതിക്ക് വേണ്ടി 422.42 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് എന്നീ 3 പഞ്ചായത്തുകൾക്ക് പൊതുവായിട്ടാണ് ഉൽപാദക ഘടകങ്ങൾ നിർമ്മിക്കുന്നത്. ചാലിയാർ പുഴയിൽ പന്നിപ്പാറ പള്ളിമുക്ക് കടവിൽ 12 മീറ്റർ വ്യാസമുള്ള കിണറും, പമ്പ് ഹൗസും നിർമ്മിച്ച് തൃക്കലങ്ങോട് ആമയൂർ കുന്നുംപുറത്ത് നിർമ്മിക്കുന്ന 31 എം.എൽ.ഡി ജലശുദ്ധീകരണ ശാലയിലേക്ക് വെള്ളം എത്തിച്ച് ശുദ്ധീകരിച്ച് എല്ലാ പഞ്ചായത്തുകളിലേക്കും ജലവിതരണം നടത്തുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇവയിൽ കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല എന്നിവ ഉൾപ്പെട്ട പ്രവൃത്തിയുടെ പ്രവർത്തന ഉത്തരവ് കരാറുകാരന് നൽകിയിട്ടുണ്ട്. ഡിസൈൻ നടപടികൾ പുരോഗമിച്ചുവരുന്നു. തൃക്കലങ്ങോട് പഞ്ചായത്തിൽ 11236 ഗാർഹിക കുടിവെള്ള കണക്ഷനുകളും 330 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**പാണ്ടിക്കാട് പഞ്ചായത്തിൽ** 11128, ഗാർഹിക കുടിവെള്ള കണക്ഷനുകളും 330 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.

**തൃക്കലങ്ങോട് പഞ്ചായത്തിലെ** കരിശ്ശുമലയിൽ 19 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനും പാണ്ടിക്കാട് പഞ്ചായത്തിലെ വെട്ടിക്കാട്ടിരിയിൽ 27 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനും ഉള്ള ഭൂമി ഇതുവരെ ലഭ്യമായിട്ടില്ല.

**ജൽ ജീവൻ മിഷൻ- കീഴാറ്റൂർ, മേലാറ്റൂർ, വെട്ടത്തൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി**

ഈ പദ്ധതിക്ക് വേണ്ടി 403.72 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കീഴാറ്റൂർ, മേലാറ്റൂർ, വെട്ടത്തൂർ എന്നീ 3 പഞ്ചായത്തുകൾക്ക് പൊതുവായിട്ടാണ് ഉൽപാദക ഘടകങ്ങൾ നിർമ്മിക്കുന്നത്. തൂതപ്പുഴയിൽ മുറിയംകണ്ണി ഭാഗത്ത് 10 മീറ്റർ വ്യാസമുള്ള കിണറും, പമ്പ് ഹൗസും നിർമ്മിച്ച് വെട്ടത്തൂർ പൂങ്കാവനം ഭാഗത്ത് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിർമ്മിക്കുന്ന 22 എം.എൽ.ഡി ജലശുദ്ധീകരണ ശാലയിലേക്ക് വെള്ളം എത്തിച്ച് ശുദ്ധീകരിച്ച് എല്ലാ പഞ്ചായത്തുകളിലേക്കും ജലവിതരണം നടത്തുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഇവയിൽ റോ വാട്ടർ പമ്പിംഗ് മെയിൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കിണർ, ജലശുദ്ധീകരണശാല എന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. കീഴാറ്റൂർ പഞ്ചായത്തിൽ 7889 ഗാർഹിക കുടിവെള്ള കണക്ഷനുകളും 230 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തി പുരോഗമിച്ചുക്കൊണ്ടിരിക്കുന്നു. ഇതുവരെ 80 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.